പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7573 | 17.07.2012 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി കെട്ടിടങ്ങളിൽ ഭൂരിഭാഗവും ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യവും അവയുടെ ശോച്യാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. അംഗൻവാടികൾക്ക് ആവശ്യമായ കെട്ടിടവും ബാഹ്യസാഹചര്യങ്ങളും ഒരുക്കുന്നത് നിലവിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) അംഗൻവാടിക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ ; | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന, പ്ലാൻ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്.<br>ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടി എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആതിൽ ലഭ്യമായ പ്രൊപ്പോസലിന്റെയും എംഎൽഎ യുടെ ശുപാർശകത്തിന്റേയും അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലായി 31 അംഗൻവാടികളെ മാതൃകാ അംഗൻവാടികളായി —— |

| | |
|---|---|
| | ഉയർത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) പുതിയ പദ്ധതിയിലൂടെ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ